"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ശ്രീ.സുലൈമാൻ, തുടിമ്മൽ വീട്, ഇരിമ്പിളയം പോസ്റ്റ്, മലപ്പുറം സമർപ്പിച്ച അപ്പീൽ ഹർജിയുടെയും ടിയാൾ ഫയൽ ചെയ്ത WP(C) NO. 27397 OF 2025 -ന്മേലുള്ള 28/07/2025-ലെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ - തീർപ്പാക്കി ഉത്തരവാകുന്നു

---

**വ്യവസായ വകുപ്പ്**

G.O.(Rt)No.677/2026/ID തീയതി,തിരുവനന്തപുരം, 25-06-2026

---

പരാമർശം:-

1. മലപ്പുറം ജില്ലാ ജിയോളജിസ്റ്റിന്റെ 15/3/2024 ലെ 196/2022-23/ഡിഎംഎൽ-ഡിഎംജി/1051/2024-എം നമ്പർ നടപടിക്രമം
2. ശ്രീ.സുലൈമാൻ, തുടിമ്മൽ വീട്, ഇരിമ്പിളയം പോസ്റ്റ്, മലപ്പുറം സമർപ്പിച്ച അപ്പീൽ ഹർജി
3. ശ്രീ.സുലൈമാൻ, ഫയൽ ചെയ്ത WP(C) NO. 27397 OF 2025 -ന്മേലുള്ള 28/07/2025-ലെ വിധിന്യായം
4. ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പിന്റെ 25/5/2026 ലെ ഡിഎംജി/2594/2025-എം1 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ ഇരിമ്പിളിയം വില്ലേജിൽ സർവ്വെ നം. 210/1എ യിൽപ്പെട്ടതും ശ്രീ.സുലൈമാൻ എന്നയാളുടെ കൈവശ ത്തിലുള്ളതുമായ സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്ത് നീക്കിയ 6675 മെ.ടൺ ചെങ്കല്ലിന്റെ റോയൽറ്റിയും വിലയും കോമ്പൌണ്ടിംഗ് ഫീസും ഇനത്തിൽ ആകെ 505600/- രൂപ സർക്കാരിലേക്ക് ഈടാക്കിയിരുന്നു. എന്നാൽ, ജില്ലാ ഓഫീസിന്റെ സ്റ്റോപ്പ് മെമ്മോ ലംഘിച്ച് ടി സ്ഥലത്ത് നിന്നും ടിയാൻ വീണ്ടും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കിയിരിക്കുന്നതായി സ്ഥലപരിശോധനകളിൽ ബോധ്യപ്പെട്ടതിനെ തുടർന്ന് മേപ്പടി സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്ത ചെങ്കല്ലിന്റെ റോയൽറ്റിയും വിലയും ഇനത്തിൽ 84,70,860/- രൂപയും, കോമ്പൌണ്ടിംഗ് ഫീസ് ഇനത്തിൽ 5,00,000/- രൂപയും ഉൾപ്പെടെ ആകെ 89,70,860/- രൂപ സർക്കാരിലേക്ക് ഒടുക്കുന്നതിനായി 23.05.2022 ൽ ടിയാന് ഡിമാന്റ് ഉത്തരവും നൽകിയിരുന്നുവെങ്കിലും ടി തുക ഒടുക്കാത്തതിനെ തുടർന്ന് ഡിമാന്റ് തുക സർക്കാരിലേക്ക് ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ടുള്ള പരാമർശം (1) പ്രകാരം മലപ്പുറം ജിയോളജിസ്റ്റ് നൽകിയ നടപടിക്രമത്തിനെതിരെയാണ് പരാമർശം (2) പ്രകാരം ശ്രീ. സുലൈമാൻ അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്.

2) ഹർജിവിഷയത്തിൽ വ്യവസായ വകുപ്പ് അപ്പീൽ അധികാരി പരാമർശം (3) പ്രകാരം ഹർജിക്കക്ഷി ഫയൽ ചെയ്ത WP(C) NO. 27397 OF 2025 -ന്മേലുള്ള

28/07/2025-ലെ വിധിന്യായത്തിനെറയും അടിസ്ഥാനത്തിൽ ഹർജിക്കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 15/10/2025-ന് നേരിൽ കേട്ടു. ഹർജിക്കക്ഷിക്കുവേണ്ടി ടിയാന്റെ പ്രതിനിധിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു. അപ്പീൽകക്ഷി 2023-ലാണ് ഈ വസ്തു വാങ്ങിയതെന്നും വസ്തു വാങ്ങിയ ശേഷം ഖനനം നടത്തിയിട്ടില്ലെന്നും അതിനു മുൻപ് നടത്തിയ ഖനനത്തിനാണ് പെനാൽറ്റി ചുമത്തിയിരിക്കുന്നതെന്നും ഈ പെനാൽററി ഒടുക്കുവാൻ കക്ഷി ബാദ്ധ്യസ്ഥനല്ലെന്നും ഹർജിക്കക്ഷിക്കുവേണ്ടി ഹാജരായ പ്രതിനിധി ബോധിപ്പിച്ചു.

3) ഹർജിവിഷയത്തിൽ പരാമർശം (4) പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ ഇരിമ്പിളിയം വില്ലേജിൽ സർവ്വെ നം.210/1എ ൽ ഉൾപ്പെട്ട ഭൂമിയിൽ ഇരിമ്പിളിയം വില്ലേജ് അധികൃതരോടൊപ്പം മലപ്പുറം ജില്ലാ ഓഫീസിൽ നിന്നും 30.04.2022 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ അപ്പീൽ വാദിയായ ശ്രീ.സുലൈമാൻ എന്നയാളുടെ കൈവശത്തിലുള്ള സ്ഥലത്ത് നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത സ്ഥലം അളന്നതിൽ 50 മീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും ശരാശരി 3 മീറ്റർ താഴ്ചയിലും 14 മീറ്റർ നീളത്തിലും 10 മീറ്റർ വീതിയിലും ശരാശരി 3 മീറ്റർ താഴ്ചയിലുമായി ആകെ 2670 ക്യൂബിക് മീറ്റർ ചെങ്കല്ല് ഖനനം ചെയ്ത് നീക്കിയതായി ബോധ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ സ്ഥലം ഉടമയ്ക്ക് 23.05.2022 തീയതിയിൽ സ്റ്റോപ്പ് നോട്ടീസ്/കാരണംകാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. പ്രസ്തുത നോട്ടീസിന് ശ്രീ.സുലൈമാൻ 13.06.2022 തീയതിയിൽ ജില്ലാ ഓഫീസിൽ നൽകിയ മറുപടിയിൽ അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത കുറ്റം പിഴ ഒടുക്കി രാജിയാക്കുന്നതിന് അപേക്ഷിച്ചതിൻറെ അടിസ്ഥാനത്തിൽ ടി ചെങ്കല്ലിന്റെ റോയൽറ്റിയും വിലയും കോമ്പൗണ്ടിംഗ് ഫീസും ഇനത്തിൽ ആകെ 505600/- (അഞ്ച് ലക്ഷത്തി അയ്യായിരത്തി അറുന്നൂറ്) രൂപ മാത്രം ടിയാനിൽ നിന്നും 13.06.2022 തീയതിയിൽ ചെലാൻ നം. KL00775186220223M പ്രകാരം സർക്കാരിലേക്ക് ഈടാക്കി കുറ്റം രാജിയാക്കുകയുണ്ടായി. എന്നാൽ, മേപ്പടി സ്ഥലത്ത് നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്യുന്നതായി കാണിച്ച് ശ്രീ.സജിരാജൻ എന്നയാൾ ബഹു. മുഖ്യമന്ത്രി മുമ്പാകെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ടി സ്ഥലം 31.10.2022 തീയതിയിൽ ജില്ലാ ഓഫീസിൽ നിന്നും പരിശോധിച്ചതിൽ സ്ഥലമുടമ സ്റ്റോപ്പ് മെമ്മോ ലംഘിച്ച് വീണ്ടും ചെങ്കല്ല് ഖനനം നടത്തുന്നതായി ബോധ്യപ്പെട്ടതിനെ തുടർന്ന്, ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകിയതിന് ശ്രീ.സുലൈമാനു വേണ്ടി ശ്രീ.ചോലെത്തൊടി ഹമീദ് എന്നയാൾ 24.04.2023 തീയതിയിൽ ജില്ലാ ഓഫീസിൽ നൽകിയ മറുപടിയിൽ ടി സ്ഥലത്തുനിന്നും ചെങ്കല്ല് ഖനനം ചെയ്തതിന് 5,05,600/- രൂപ പിഴയൊടുക്കിയതാണെന്നും പ്രസ്തുത സ്ഥലത്ത് ഐഡിയൽ ഇൻറർനാഷണൽ സ്കൂൾ തുടങ്ങുന്നതിന് മണ്ണ് നീക്കം ചെയ്തതാണെന്നും അറിയിക്കുകയുണ്ടായി. തുടർന്ന്, മേപ്പടി സ്ഥലം പരിശോധിക്കുന്നതാണെന്ന് കാണിച്ച് രജിസ്റ്റേർഡ് തപാലിൽ കത്ത് നൽകുകയും ടി സ്ഥലം ഇരിമ്പിളിയം വില്ലേജ് ഓഫീസറുടേയും സ്ഥലമുടമ ചുമതലപ്പെടുത്തിയ ശ്രീ.ഹമീദ് ചോലെത്തൊടി എന്നയാളുടേയും സാന്നിധ്യത്തിൽ ജില്ലാ ഓഫീസിൽ നിന്നും പരിശോധിച്ച് ചെങ്കല്ല് ഖനനം ചെയ്ത സ്ഥലം 2 ബ്ലോക്കുകളാക്കി തിരിച്ച് ഖനനം ചെയ്ത ചെങ്കല്ലിൻറെ അളവ് അളന്ന് തിട്ടപ്പെടുത്തി മഹസ്സർ തയ്യാറാക്കി. ആയത് പ്രകാരം ടി സ്ഥലത്ത് നിന്നും 94 മീറ്റർ നീളത്തിലും 92 മീറ്റർ വീതിയിലും ശരാശരി 3.5 മീറ്റർ താഴ്ചയിലും 70 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും ശരാശരി 1.5 മീറ്റർ താഴ്ചയിലും ആയി ആകെ 32,368 ക്യൂബിക് മീറ്റർ ചെങ്കല്ല് ഖനനം ചെയ്ത് നീക്കിയതായി കണക്കാക്കിയിരുന്നു. ആയതിൻറെ അടിസ്ഥനത്തിൽ ടിയാനെ നേരിൽ കേൾക്കുന്നതിനായി കത്ത് നൽകിയതിന് ശ്രീ.സുലൈമാൻ ജില്ലാ ഓഫീസിൽ ഹാജരായി നൽകിയ മറുപടിയിൽ ടി

സ്ഥലം ടിയാൻ വാങ്ങുന്നതിനു മുമ്പ് തന്നെ ടി സ്ഥലത്ത് നിന്നും ചെങ്കല്ല് ഖനനം ചെയ്തിട്ടുണ്ടെന്നും ടിയാൻ ടി സ്ഥലം വാങ്ങിയതിനു ശേഷം സ്കൂളിനു വേണ്ടിയാണ് ചെങ്കല്ല് വെട്ടിയതെന്നും ചെങ്കല്ല് ഖനനം ചെയ്തതിന് 5,05,600/- രൂപ പിഴ അടവാക്കിയതാണെന്നും ആയതിനു ശേഷം ചെങ്കല്ല് ഖനനം ചെയ്തത് ജില്ലാ ഓഫീസിൽ നിന്നുള്ള അനുമതി പത്രപ്രകാരവും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള അനുമതി പ്രകാരവുമാണെന്ന് ബോധിപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത മറുപടി വസ്തുതാവിരുദ്ധവും നിയമപരമായി നിലനിൽക്കാത്തതുമായതിനാൽ മേപ്പടി സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്ത ചെങ്കല്ലിൻറെ അളവിൽ നിന്നും മുമ്പ് പിഴ ഒടുക്കിയ 2670 ക്യൂബിക് മീറ്റർ ചെങ്കല്ലിൻറെ അളവ് കുറയ്ക്കുകയും ആയത് പ്രകാരം 01.05.2022 മുതൽ 31.07.2023 വരെ അനധികൃതമായി ഖനനം ചെയ്തതായി കണക്കാക്കിയ 29,698 ക്യൂമീറ്റർ ചെങ്കല്ലിൻറെ അളവിൽ 01.04.2023 ന് മുമ്പും ആയതിനു ശേഷവും ഖനനം ചെയ്ത ചെങ്കല്ലിൻറെ അളവ് പ്രത്യേകം കണക്കാക്കുകയും ആയതിന് ടി കാലയളവിലെ റോയൽറ്റിയും വിലയും നിശ്ചയിക്കുകയും ചെയ്തു. ആയതനുസരിച്ച് ടി സ്ഥലത്ത് നിന്നും 01.05.2022 ന് ശേഷം ഖനനം ചെയ്ത 29,698 ക്യൂ-മീറ്റർ ചെങ്കല്ലിൻറെ റോയൽറ്റിയും വിലയും കോമ്പൌണ്ടിംഗ് ഫീസും ഇനത്തിൽ ആകെ 89,70,860/- രൂപ (എൺപത്തിയൊൻപത് ലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) സർക്കാരിലേക്ക് ഒടുക്കുന്നതിനായി 15.03.2024 ൽ ഡിമാൻറ് ഉത്തരവ് നൽകി എന്നാൽ പ്രസ്തുത ഉത്തരവ് അയച്ച രജിസ്റ്റേർഡ് കത്ത് ടിയാൻ കൈപ്പറ്റുവാൻ വിസമ്മതിക്കുകയാണുണ്ടായത്. തുടർന്ന്, ടി ഉത്തരവ് വില്ലേജ് ഓഫീസർ മുഖാന്തിരം അയച്ചു നൽകുകയുണ്ടായി. ആയത് ലഭിച്ചിട്ടില്ലായെന്ന് ടിയാൻ അറിയിച്ചതിൻപ്രകാരം ടി ഉത്തരവും 02.06.2025 തീയതിയിലെ റവന്യൂ റിക്കവറി ഉത്തരവും ഇരിമ്പിളിയം വില്ലേജ് ഓഫീസർ മുഖാന്തിരം ടിയാന് നൽകി. പ്രസ്തുത ഉത്തരവ് കൈപ്പറ്റിയിട്ടും ടി തുക ഒടുക്കാത്തതിനാൽ 19.09.2025 തീയതിയിൽ 2025/8954/10 നമ്പരായി ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനു ശേഷമാണ് ശ്രീ.സുലൈമാൻ സർക്കാർ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

മലപ്പുറം ജിയോളജിസ്റ്റിന്റെ റിപ്പോർട്ട് പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന അപാകതകൾ ഈ ഓഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

അപ്പീൽകക്ഷിക്ക് അനധികൃത ചെങ്കല്ല് ഖനനത്തിന് നിയമ നടപടി സ്വീകരിച്ച് ഡിമാന്റ് നൽകിയത് ചട്ടപ്രകാരമായിരുന്നില്ല. ആദ്യം അനധികൃത ഖനനം കണ്ടെത്തിയത് 23.5.2022 ൽ ആയിരുന്നു. അന്നു തിട്ടപ്പെടുത്തിയ 2670 ക്യൂബിക് മീറ്റർ ചെങ്കല്ലിന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നടപടിയും സ്വീകരിച്ചിരുന്നു. തുടർന്നും അനധികൃത ഖനനം സംബന്ധിച്ച പരാതി ലഭിച്ചതിനാൽ 21.7.23 ന് വില്ലേജ് ഓഫീസറുമൊത്ത് നടത്തിയ സ്ഥലപരിശോധനയിൽ ആകെ 32368 ക്യൂബിക് മീറ്റർ ചെങ്കല്ല് ഖനനം ചെയ്തതായി കണ്ടിരുന്നു. ഈ അളവിൽ നിന്നും മുൻപ് പെനാൽറ്റി ഒടുക്കിയ 2670 ക്യൂ.മീറ്റർ ചെങ്കല്ലിന്റെ അളവ് കുറവുചെയ്ത് ബാക്കിയുള്ള 29698 ക്യൂ മീറ്ററിന് 01.04.2023 ൽ നിലവിൽ വന്ന 2023 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ടണ്ണിന് 240 രൂപയും കോമ്പൗണ്ടിംഗ് ഫീസും ചേർത്താണ് ഡിമാന്റ് നൽകേണ്ടിയിരുന്നത്. ഇതിനുപകരം അനധികൃത ഖനനത്തിനെ 01.04.23 നു മുൻപും അതിനു ശേഷവും എന്ന രീതിയിൽ പ്രത്യേകം കണക്കാക്കിയാണ് ഡിമാന്റ് നൽകിയത്. 01.04.23 ന് മുൻപ്, ശേഷം എന്ന രീതിയിൽ സ്ഥലപരിശോധന നടത്തി അളവു തിട്ടപ്പെടുത്തിയ യാതൊരു രേഖകളുമില്ലാതെ മേപ്പടി രീതിയിൽ പെനാൽറ്റി കണക്കാക്കി ഡിമാന്റ് നൽകിയത് ക്രമപ്രകാരമല്ല എന്ന് കാണുകയും ആകയാൽ മുൻപ് പെനാൽറ്റി ഒടുക്കിയ അളവ് 21.7.23 ൽ

കണ്ടെത്തിയ അളവിൽ നിന്നും കുറവ് ചെങ്കല്ല് ശേഷിക്കുന്ന ധാതുവായ 29698 ക്യൂ.മീറ്ററിന് (74245 മെ.ടൺ) റോയൽറ്റി, വില ഇനത്തിൽ (74245 x 240)1,78,18,800/- രൂപയും കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 5,00,000 രൂപയും ചേർത്ത് ആകെ 1,83,18,800/- രൂപ ഒടുക്കുന്നതിനും അപ്പീൽ കക്ഷിക്ക് നിർദ്ദേശം നൽകി പുതുക്കിയ ഡിമാന്റ് നൽകുന്നതിന് ഈ ഓഫീസിൽ നിന്നും ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 1,83,18,800/- രൂപ ഒടുക്കുന്നതിന് 24.3.2026 ന് ജിയോളജിസ്റ്റ് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതുമാണ് .മേൽ സാഹചര്യത്തിൽ മലപ്പുറം ജിയോളജിസ്റ്റ് 24.03.2026-ൽ നൽകിയ പുതുക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 1,83,18,800/- രൂപ ഒടുക്കുന്നതിന് നിർദ്ദേശം നൽകണമെന്നും പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു.

4) ഹർജിവിഷയം വിശദമായി പരിശോധിച്ചു. ഹർജിക്കക്ഷിക്ക് നൽകിയ സ്റ്റോപ്പ് മെമ്മോ ലംഘിച്ചുകൊണ്ട് ഹർജിക്കക്ഷി അനധിക്ൃത ഖനനം നടത്തുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഹർജിക്കക്ഷിയുടെയും റവന്യൂ ജിയോളജി അധികാരികളുടെയും സംയുക്ത പരിശോധനയിൽ ആകെ 32368 ക്യൂബിക് മീറ്റർ ചെങ്കല്ല് ഖനനം ചെയ്തതായി കണ്ടെത്തിയിരുന്നു. എന്നാൽ ജില്ലാ ജിയോളജിയിൽ നിന്നും ഹർജിക്കക്ഷിക്ക് നൽകിയ ഡിമാന്റ് നോട്ടീസിൽ പിഴ കണക്കാക്കിയത് ചട്ടപ്രകാര മായിരുന്നില്ല. ആദ്യം അനധികൃത ഖനനം കണ്ടെത്തിയത് 23.5.2022 ൽ ആയിരുന്നു. അന്നു തിട്ടപ്പെടുത്തിയ 2670 ക്യൂബിക് മീറ്റർ ചെങ്കല്ലിന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നടപടിയും സ്വീകരിച്ചിരുന്നു. തുടർന്നും അനധികൃത ഖനനം സംബന്ധിച്ച പരാതി ലഭിച്ചതിനാൽ 21.7.23 ന് വില്ലേജ് ഓഫീസറുമൊത്ത് നടത്തിയ സ്ഥലപരിശോധനയിൽ ആകെ 32368 ക്യൂബിക് മീറ്റർ ചെങ്കല്ല് ഖനനം ചെയ്തതായി കണ്ടിരുന്നു. ഈ അളവിൽ നിന്നും മുൻപ് പെനാൽറ്റി ഒടുക്കിയ 2670 ക്യൂ.മീറ്റർ ചെങ്കല്ലിന്റെ അളവ് കുറവുചെയ്ത് ബാക്കിയുള്ള 29698 ക്യൂ മീറ്ററിന് 01.04.2023 ൽ നിലവിൽ വന്ന 2023 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ടണ്ണിന് 240 രൂപയും കോമ്പൗണ്ടിംഗ് ഫീസും ചേർത്താണ് ഡിമാന്റ് നൽകേണ്ടിയിരുന്നത്. ആകയാൽ മുൻപ് പെനാൽറ്റി ഒടുക്കിയ അളവ് 21.7.23 ൽ കണ്ടെത്തിയ അളവിൽ നിന്നും കുറവ് ചെയ്ത് ശേഷിക്കുന്ന ധാതുവായ 29698 ക്യൂ.മീറ്ററിന് (74245 മെ.ടൺ) റോയൽറ്റി, വില ഇനത്തിൽ (74245 x 240)1,78,18,800/- രൂപയും കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 5,00,000 രൂപയും ചേർത്ത് ആകെ 1,83,18,800/- രൂപ ഒടുക്കുന്നതിന് 24.3.2026 ന് മലപ്പുറം ജില്ലാ ജിയോളജിസ്റ്റ് നൽകിയ പുതുക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നതിന് അപ്പീൽ കക്ഷി ബാധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ പുന. പരിശോധന നടത്തിയതനുസരിച്ച് ഖനനം നടത്തി നീക്കം ചെയ്തതായി അളന്ന് തിട്ടപ്പെടുത്തിയ 29698 ക്യൂ.മീറ്റർ ചെങ്കല്ലിന്റെ റോയൽറ്റിയുടെ 5 ഇരട്ടി തുകയായ 1,83,18,800/- രൂപ പെനാൽറ്റിയായി നിർണ്ണയിച്ച് കൊണ്ട് മലപ്പുറം ജിയോളജിസ്റ്റ് 24.03.2026-ൽ നൽകിയ പുതുക്കിയ ഡിമാന്റ് നോട്ടീസ് നിലനിറുത്തി കൊണ്ടും അതിൻ പ്രകാരമുള്ള തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ ജിയോളജിസ്റ്റിന് നിർദേശം നൽ കി ശ്രീ.സുലൈമാൻ, തുടിമ്മൽ വീട്, ഇരിമ്പിളയം പോസ്റ്റ്, മലപ്പുറം സമർപ്പിച്ച അപ്പീൽ ഹർജിയും പരാമർശം (3) പ്രകാരമുള്ള WP(C) NO. 27397 OF 2025 -ന്മേലുള്ള 28/07/2025-ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

B AJITHA
ADDITIONAL SECRETARY

1. അഡ്വക്കേറ്റ് ജനറൽ,കേരള, എറണാകുളം, (ആമുഖ കത്ത് സഹിതം)
2. ശ്രീ.സുലൈമാൻ, ഉടിമ്മൽ വീട്, ഇരിമ്പിളയം പോസ്റ്റ്, മലപ്പുറം 679572
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ഡയറക്ടർ, മൈനിംഗ് & ജിയോളജി , തിരുവനന്തപുരം
5. ജില്ലാ ജിയോളജിസ്റ്റ്, മലപ്പുറം
6. വിവരം പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ4/197/2025-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 29-06-2026 12:20:52